# കേരള സർവകലാശാല

നം. പി.ആർ.066/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എ ഫലം

2017 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ (എഫ്.ഡി.പി - സി.ബി.സി.എസ് - സപ്ലിമെന്ററി - 2011 & 2012 അഡ്മിഷൻ, മേഴ്സിചാൻസ് - 2010 അഡ്മിഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി ഏപ്രിൽ 10 വരെ അപേക്ഷിക്കാം.

## എം.എ ഫലം

2017 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ ഹിസ്റ്ററി ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി ടൈംടേബിൾ

ഏപ്രിൽ 12-ന് തുടങ്ങുന്ന ബി.എസ്സി (ആന്വൽ സ്കീം, സപ്ലിമെന്ററി) പാർട്ട് മൂന്ന് മാത്തമാറ്റിക്സ് മെയിൻ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പൂർവ്വ വിദ്യാർത്ഥി സംഗമം

കേരള സർവകലാശാലയുടെ കെമിസ്ട്രി പഠനവകുപ്പ് സംഘടിപ്പിക്കുന്ന വാർഷിക പൂർവ്വ വിദ്യാർത്ഥി സംഗമം കാര്യവട്ടം കെമിസ്ട്രി പഠനവകുപ്പിൽ വച്ച് മാർച്ച് 24-ന് രാവിലെ ഒൻപതിന് നടത്തും. പ്രമുഖരായ പല പൂർവ്വവിദ്യാർത്ഥികളും പങ്കെടുക്കുന്ന ചടങ്ങിലേക്ക് പഠന വകുപ്പിലെ എല്ലാ പൂർവ്വവിദ്യാർത്ഥികളെയും ക്ഷണിക്കുന്നു. ഫോൺ: 9447102047, 9447402468, 9447711030, 8547067230.

## പരീക്ഷ മാറ്റി

മാർച്ച് 26-ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എഡ് പരീക്ഷയിൽ ഏപ്രിൽ രണ്ടിന് നടത്താനിരുന്ന (പി.സി.എസ് - 6 - ഇന്റഗ്രേഷൻ & ഇന്നവേറ്റീവ് പ്രാക്ടീസസ് ഇൻ എഡ്യൂക്കേഷൻ) പരീക്ഷ ഏപ്രിൽ ആറിലേക്ക് മാറ്റി. സമയത്തിനോ പരീക്ഷാകേന്ദ്രത്തിനോ മാറ്റമില്ല.

## ബി.ബി.എ ഫലം

2017 ആഗസ്റ്റിൽ നടത്തിയ ഒന്നാം വർഷ ബി.ബി.എ ഡിഗ്രി പരീക്ഷാഫലം (പ്രൈവറ്റ് സ്റ്റഡി - ആന്വൽ സ്കീം) വെബ്സൈറ്റിലും (www.keralauniversity.ac.in) പരീക്ഷാകേന്ദ്രങ്ങളിലും ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി ഏപ്രിൽ 30.

## ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾ

2017 മേയിൽ നടത്തിയ മൂന്നാം സെമസ്റ്റർ പഞ്ചവത്സര ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഏപ്രിൽ 12 വരെ അപേക്ഷിക്കാം

## അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് കംപ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോ ഇൻഫർമാറ്റിക്സിലെ എസ് ഐ യു സി ഇ ബി പ്രോജക്ടിലേക്ക് നെക്സ്റ്റ് ജനറേഷൻ സ്വീകൻസിംഗ് സർവ്വീസിന് വേണ്ടി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് www.dcb.res.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## സൂക്ഷ്മപരിശോധനക്ക് ഹാജരാകണം

2016 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എസ്സി (സപ്ലിമെന്ററി) പരീക്ഷയുടെ സൂക്ഷ്മപരിശോധനക്കായി അപേക്ഷിച്ചിട്ടുള്ളവർ ഹാൾടിക്കറ്റും ഐ.ഡി കാർഡുമായി മാർച്ച് 26 മുതൽ ഏപ്രിൽ ഏഴ് വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ EJ II സെക്ഷനിൽ ഹാജരാകണം.

## ത്രിദിന ദേശീയ സെമിനാർ

ഇന്ത്യൻ മതനിരപേക്ഷത നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെപ്പറ്റി കേരള സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ കേന്ദ്രം സംഘടിപ്പിച്ച ത്രിദിന ദേശീയ സെമിനാർ സമാപിച്ചു. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (കെ.സി.എച്ച്.ആർ) ചെയർമാൻ പ്രൊഫ. പി.കെ മൈക്കിൾ തരകൻ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ മതേതരത്വത്തിന് എതിരെ ഉയർന്നുവരുന്ന വർഗ്ഗീയ ശക്തികളെ അദ്ദേഹം വിമർശിക്കുകയും, കേരളം പോലെയുള്ള തീരദേശ മേഖലകളിൽ ചരിത്രാതീത കാലം മുതൽ നിലനിന്നിരുന്ന കോസ്മോപോളിറ്റൻ സംസ്കാരത്തെ അദ്ദേഹം വിലയിരുത്തുകയും ചെയ്തു. ഗ്രീക്കുകാർ, യഹൂദൻമാർ, അറബികൾ തുടങ്ങിയവരുമായി കേരളത്തിനുണ്ടായിരുന്ന കച്ചവട വാണിജ്യബന്ധങ്ങൾ കേരളത്തിൽ വിവിധ സംസ്കാരങ്ങളുടെ സംഗമത്തിന് വഴിയൊരുക്കുകയും പിൽക്കാലത്ത് അത് മതനിരപേക്ഷ സംസ്കാരത്തിലേക്ക് നയിക്കുകയും ചെയ്തു എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

തിരുവനന്തപുരം.
22.03.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**